# EMINENT PERSONALITIES

## 1. വർഗ്ഗീസ് മാപ്പിള

1780–ാമാണ്ടിൽ ജന്മഭൂമിക്കുവേണ്ടി പോരാടിയ മൂത്തേടൻ പോരാളികളുടെ ഐതിഹാസികവും ആവേശകരവുമായ പോരാട്ടത്തിന്റെ ചരിത്രത്തിൽ വറീത് എന്ന പേരിൽ അറിയപ്പെട്ടിരുന്ന വർഗ്ഗീസ് മാപ്പിളയുടെ പേര് സുവർണ്ണലിപികളാൽ എഴുതപ്പെട്ടിരിക്കുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രഥമമായി മാതൃഭൂമിയുടെ സംരക്ഷണത്തിനായി 17–ാം നൂറ്റാണ്ടിൽ രൂപം കൊണ്ട ഏക സന്നദ്ധസേനയ്ക്ക് നേതൃത്വം കൊടുത്തത് വർഗീസ് മാപ്പിളയുടെ നേതൃത്വത്തിലുള്ള മൂത്തേടൻ കുടുംബാഗങ്ങളായിരുന്നു.

ഒരു യഥാർത്ഥ ദേശസ്നേഹിയായിരുന്ന വർഗ്ഗീസ് മാപ്പിള 1767 ൽ ഹൈദരലിക്കെതിരെയുള്ള യുദ്ധത്തിൽ ധീരമായി പോരാടിയിട്ടുണ്ട്. പ്രഗത്ഭനായിരുന്ന ടിപ്പുസുൽത്താനെതിരെ പടനയിച്ച അദ്ദേഹത്തിന് അന്നത്തെ കൊച്ചി രാജാവായിരുന്ന രാമവർമ്മ മഹാരാജാവ് നൽകിയ കീർത്തിമുദ്രയായിരുന്നു പട നയിക്കുന്നവൻ എന്നർത്ഥമുള്ള 'പടയാട്ടി' എന്ന സ്ഥാനപ്പേര്. അദ്ദേഹത്തിന്റെ പിൻതലമുറക്കാർ പടയാട്ടി മൂത്തേടൻ എന്ന പേരിൽ അറിയപ്പെടുന്നു.

## 2. ഫാ. വർഗ്ഗീസ് മൂത്തേടൻ




ഒരു നൂറ്റാണ്ടിനുമുമ്പ് മൂത്തേടൻ കുടുംബത്തിന് അഭിമാനമായിരുന്ന ഫാ. വർഗ്ഗീസ് മൂത്തേടൻ മോൺ. തോമസ് മൂത്തേടന്റെ പിതൃസഹോദരനാണ്.

എരനെല്ലൂർ ഇടവക വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിൽ നാട്ടിൽ പടർന്നുപിടിച്ച കോളറമൂലം ജനങ്ങൾ വലഞ്ഞപ്പോൾ സാന്ത്വന സ്പർശ വുമായി അദ്ദേഹം ജനങ്ങളിലേക്കിറങ്ങിചെന്നു. അവസാനം ഇതേ രോഗത്തിനടി മയായി ഫാ. വർഗ്ഗീസ് മൂത്തേടൻ കാലയവനികക്കുള്ളിൽ മറഞ്ഞു. അദ്ദേഹത്തിന്റെ ഭൗതികശരീരം എരനെല്ലൂർ ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

3. **അഡ്വ. എ.വി. മൂത്തേടൻ (M.A.M.L.)**



പേപ്പൽ ബഹുമതി ലഭിച്ച
ഇടവകാംഗമായ
പരേതനായ
എ. വി. മൂത്തേടൻ

ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ അനിഷേധ്യ നേതാവായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോനെ സ്വന്തം തട്ടകത്തിൽ തെരഞ്ഞെടുപ്പിലൂടെ മുട്ടുകുത്തിക്കാൻ കഴിഞ്ഞ അഡ്വ. എ.വി. മൂത്തേടൻ രാഷ്ട്രീയ നഭോമണ്ഡലത്തിലെ ഏറ്റവും വലിയ അട്ടിമറി വിജയത്തിനുടമയായിരുന്നു. എ.വി. മൂത്തേടൻ പണ്ഡിതനും ഗണിതശാസ്ത്ര വിദഗ്ധനുമായ മോൺ. മൂത്തേടന്റെ ജ്യേഷ്ഠസഹോദരനാണ്. എ.വി. മൂത്തേടൻ പരി. പിതാവിൽ നിന്നും PRO ECCLESIA ET PONTIFICE പദവി കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ അദ്ദേഹം തിരുകൊച്ചി നിയമസഭാ അംഗമായിരുന്നു.